# ജീവിതം കൊണ്ടെഴുതേണ്ട സ്നേഹഗാഥ

ഹദീസ്

അബ്ദുര്‍റഹ്മാന്‍ ചെറുവാടി

عَنْ أَنَسِ بْنِ مَالِكٍ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لَا يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَلَدِهِ وَوَالِدِهِ وَالنَّاسِ أَجْمَعِينَ
(مسلم:44 ، البخاري: 15 نوع الحديث: مرفوع)

**അനസി(റ)ല്‍ നിന്ന്. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ ദൂതന്‍ പറഞ്ഞു: 'സ്വന്തം മകനേക്കാളും പിതാവിനേക്കാളും സര്‍വ ജനങ്ങളേക്കാളും ഒരുവന് ഏറ്റവും സ്നേഹമുള്ളവന്‍ ഞാനാകും വരെ നിങ്ങളില്‍ ഒരാളും വിശ്വാസിയാവുകയില്ല' (മുസ്‌ലിം: 44, ബുഖാരി: 15,** من والده وولده **എന്നാണ് ബുഖാരിയിലെ വാക്യക്രമം).**

ഒരു വിശ്വാസിയുടെ ജീവിതം മാറ്റുരച്ച് നോക്കാനുള്ള ഉരക്കല്ല് പ്രവാചകനാണ്. പ്രവാചകമാതൃകയെ അനുധാവനം ചെയ്ത് അദ്ദേഹത്തിന്റെ കല്‍പനകളും ഉപദേശങ്ങളും ജീവിതത്തിലേക്ക് കൊണ്ടുവന്നാലേ നമുക്ക് സ്വര്‍ഗം ലഭിക്കൂ. ശാശ്വതമായ ജീവിതം സ്വര്‍ഗത്തിലാണെങ്കില്‍ അത് നേടിത്തരുന്ന വ്യക്തിയെ അല്ലേ നമ്മള്‍ അതിരറ്റ് സ്നേഹിക്കേണ്ടത്? മാതാപിതാക്കള്‍, കുടുംബം, സമ്പത്ത്, ബന്ധുക്കള്‍, ലോകം മുഴുവന്‍ ഒരാള്‍ക്ക് പ്രയോജനപ്പെടുന്നത് അയാള്‍ ജീവിച്ചിരിക്കുമ്പോള്‍ മാത്രമാണ്. വിഭ്രാമകമായ ഈ ലോകത്തിലെ സ്നേഹവും പ്രേമവും സമര്‍പ്പണവുമെല്ലാം നൈമിഷികമാണ്. സ്ഥലകാല ബന്ധിതമാണ്.

പ്രവാചകനോടുള്ള സ്നേഹം പക്ഷേ, അങ്ങനെ പോരാ. ലഘുവും ഗുരുവുമായ കാര്യത്തില്‍ അതുണ്ടാവണം. അനുകൂലവും പ്രതികൂലവുമായ ഏതവസ്ഥയിലും വേണം. ദാരിദ്ര്യത്തിലും സമ്പന്നതയിലും വേണം. തനിക്ക് ഹിതമായതിലും അഹിതമായതിലും മുന്‍ഗണന പ്രവാചകനാവണം. പട്ടിണിയിലും സുഭിക്ഷതയിലും ഇഷ്ടത്തിലും ഈര്‍ഷ്യയിലും രഹസ്യത്തിലും പരസ്യത്തിലും സ്നേഹഭാജനം പ്രവാചകനാവണം. ഖുര്‍ആന്‍ പറയട്ടെ: ''പറയുക: നിങ്ങളുടെ പിതാക്കളും സന്താനങ്ങളും സഹോദരങ്ങളും ഇണകളും ബന്ധുക്കളും, നിങ്ങള്‍ സമ്പാദിച്ചു വെച്ച സ്വത്തുക്കളും, നഷ്ടം സംഭവിക്കുമോ എന്ന് നിങ്ങള്‍ ഭയപ്പെടുന്ന കച്ചവടവും, നിങ്ങള്‍ ഇഷ്ടപ്പെടുന്ന പാര്‍പ്പിടങ്ങളുമാണ് നിങ്ങള്‍ക്ക് അല്ലാഹുവേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാര്‍ഗത്തിലെ ജിഹാദിനേക്കാളും പ്രിയപ്പെട്ടവയെങ്കില്‍ അല്ലാഹു തന്റെ കല്‍പ്പന നടപ്പില്‍ വരുത്തുന്നത് കാത്തിരുന്നുകൊള്ളുക. കുറ്റവാളികളായ ജനത്തെ അല്ലാഹു നേര്‍വഴിയിലാക്കുകയില്ല'' (*അത്തൗബ* 24). വിശ്വാസിയെ സംബന്ധിച്ചേടത്തോളം മാതാവും പിതാവും ഇണകളും മക്കളും ബന്ധുക്കളും കൂടപ്പിറപ്പുകളും പണവും പണിയും പാര്‍പ്പിടവും ഭൗതികമായ ഒന്നും പ്രവാചകനേക്കാള്‍ സ്നേഹിക്കപ്പെടാന്‍ പാടില്ല. അതു കൊണ്ടാണ് അബൂബക്റിനും ഉസ്മാനും അബ്ദുര്‍റഹ്മാനുബ്നു ഔഫിനും റോമക്കാരനായ സുഹൈബിനും തങ്ങളുടെ കച്ചവടവും സമ്പത്തും തിരുമേനിയേക്കാള്‍ വിലപിടിപ്പുള്ളതായി തോന്നാതിരുന്നത്. കുരിശിലേറ്റി ചിത്രവധം ചെയ്യപ്പെടുന്നതിനു പകരം തിരുപാദത്തില്‍ ഒരു മുള്ളിന്റെ പോറലേല്‍ക്കുന്നത് പോലും സങ്കല്‍പിക്കാന്‍ ഖുബൈബുബ്നു അദിയ്യിന് സാധിക്കാതിരുന്നത്. ഉഹുദില്‍ 'അവരില്‍ നിന്നും എന്നെ പ്രതിരോധിക്കുന്നവര്‍ക്ക് സ്വര്‍ഗമുണ്ട്' എന്ന പ്രഖ്യാപനം കേള്‍ക്കെ ഒന്നിനു പിറകെ ഒന്നായി അന്‍സ്വാരികളായ ഏഴു സഖാക്കള്‍ നബിക്കുവേണ്ടി പ്രതിരോധം തീര്‍ത്ത് രക്തസാക്ഷികളായതും തങ്ങളുടെ ശരീരത്തേക്കാള്‍ പ്രവാചകനെ അവര്‍ സ്നേഹിച്ചതിനാലായിരുന്നു. അതാണ് പ്രവാചകനോടുള്ള സ്നേഹം.

പ്രവാചകനും സഖാക്കളും മക്കയില്‍നിന്ന് മദീനയിലേക്ക് പലായനം ചെയ്യുന്നേരം പതറിപ്പോയ ചിലരും മുസ്‌ലിംകളിലുണ്ടായിരുന്നു. ഹിജ്റ ചെയ്താല്‍ കുടുംബം തകരില്ലേ, നാട് കൈവിട്ടു പോവില്ലേ, കച്ചവടം ഇല്ലാതായിപ്പോവില്ലേ, വീട് അന്യാധീനപ്പെടില്ലേ എന്നെല്ലാം ആശങ്കിച്ചവര്‍; അവരെ ചൂണ്ടിയാണ് മുകളിലുദ്ധരിച്ച ഖുര്‍ആന്‍ സൂക്തം അവതരിച്ചത്. പ്രവാചകന്‍ ഉമറിനോട് പറഞ്ഞതും മറ്റൊന്നല്ല; 'എന്നെക്കഴിഞ്ഞാല്‍ പിന്നെ അങ്ങയോടാണ് എനിക്കേറെയിഷ്ടം.' അറിയാതെ നാവില്‍നിന്ന് വീണുപോയ ഒരു വാക്യമാണിത്. നബിക്ക് ഒരു ആപത്ത് വന്നാല്‍ തന്റെ സുരക്ഷയെ കുറിച്ച് ഉമര്‍ ഒരിക്കലും ചിന്തിക്കില്ല. മുമ്പ് ചിന്തിച്ചിട്ടുമില്ല. നബിക്കുമതറിയാം. പക്ഷേ അതോരോ വിശ്വാസിയും സ്വബോധത്തോടെ ഉള്‍ക്കൊള്ളേണ്ടതിന് വേണ്ടിയാണ് നബി (സ) ഉമറിനെ ഇങ്ങനെ തിരുത്തിയത്: 'പോരാ; എന്റെ ശരീരം ആരുടെ കൈയിലാണോ അവന്‍ സത്യം: താങ്കളുടെ ശരീരത്തേക്കാളും താങ്കള്‍ക്ക് ഏറ്റവും

പ്രിയപ്പെട്ടവൻ ഞാനാകണം.' ഉടനെ വന്നു മറുപടി; 'അങ്ങാണ് എനിക്കേറ്റവും പ്രിയപ്പെട്ടവൻ, എന്നേക്കാളും, മറ്റെല്ലാറ്റിനേക്കാളും.' നബി പറഞ്ഞു: 'ഉമറേ ഇപ്പോഴാണ് താങ്കൾ കാര്യം

നമുക്ക് അവരോടൊപ്പം സ്വർഗത്തിലെത്തണം. തിരുനബിയെ കണ്ട് കണ്ടങ്ങനെ ജീവിക്കണം. അവിടെ ഇടം കിട്ടുക സ്നേഹിക്കുന്നവരോടൊപ്പമാണ്. അതിനു തിരുനബിയെ ജീവിതത്തിന്റെ ദർപ്പണമായി മുന്നിൽ നിർത്തണം. ആ ഉത്തമ മാതൃകയിൽ ആപാദചൂഢം വിശ്വാസി സ്വയം വാർക്കണം. അഥവാ നടേ ചൊന്ന മാതൃകകളെ നെഞ്ചേറ്റി പ്രവാചക വ്യക്തിത്വത്തെ സ്വന്തം ആത്മാവിലേക്ക് ആവാഹിക്കണം. അതാണ് പ്രവാചക സ്നേഹം. പറുദീസ തേടുന്നവരുടെ രാജപാതയും.

ഗ്രഹിച്ചത്' (ബുഖാരി).

ഓരോ സ്വഹാബിയും നബിയെ സ്നേഹിച്ചത് അങ്ങനെത്തന്നെയായിരുന്നു. ഗ്രാമീണനായ സ്വഹാബി ജാബിറുബ്നു സുലൈം നബിയെ കാണാനെത്തിയതാണ്. ഞാൻ മദീനയിലെത്തിയപ്പോൾ അവിടെ ഒരാളെക്കണ്ടു. ആളുകൾ അദ്ദേഹത്തിന്റെ ഉത്തരവിന് കാതോർത്തിരിപ്പാണ്. ഉത്തരവിറങ്ങേണ്ട താമസം അവരത് ചെയ്തു കഴിഞ്ഞു. ഞാൻ ആശ്ചര്യപ്പെട്ടു, ആരാണിയാൾ? അദ്ദേഹം അവരോട് പറയുന്നു. പോവുക, ഉടനെ അവരതാ പോയി. വരൂ എന്ന് പറയേണ്ട താമസം, അവരെത്തിക്കഴിഞ്ഞു. അരുതെന്ന് അദ്ദേഹം പറഞ്ഞാൽ അവരതോടെ നിർത്തി! ഉത്തരവിനായി ജനങ്ങൾ ഉറ്റുനോക്കുന്ന ഈ മനുഷ്യൻ ആരാണ്?! അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതൻ' (അബൂദാവൂദ്).

നബിയോടൊത്ത് ഹിജ്റയിലാണ് അബൂബക്ർ. ക്ഷീണിച്ച്, ദാഹിച്ച് വലഞ്ഞിരിക്കുന്നു രണ്ടാളും. അപ്പോഴാണ് ഒരു ഇടയനെ കാണുന്നത്. ഒരാടിനെ കറന്നു തരാമോ? ഇടയന് സമ്മതം. 'കുറച്ച് പാൽ അവിടുത്തേക്കു വേണ്ടി ഞാൻ കറന്നെടുത്തു. ഞാനത് തിരുമേനിക്ക് കൊണ്ടു കൊടുത്തു. അങ്ങനെ അവിടുന്നത് കുടിച്ചു; ദാഹംകെട്ട് ഞാൻ സംതൃപ്തനായി' (മുസ്‌ലിം) കുടിച്ചത് നബി, ദാഹം ശമിച്ചത് അബൂബക്റിന്. ഇതെന്തൊരു മായാജാലം! ഏതു മാപിനി വെച്ചാണ് ഈ സ്നേഹം നമുക്ക് അളക്കാനാവുക!

നബിയുടെ പരിചാരകൻ അനസിനെ നോക്കൂ. 'ദുബാഇ'ന്റെ (വെട്ടുകിളിയേക്കാൾ കുറച്ചു കൂടി വലുപ്പമുള്ള ഒരു തരം കിളി) മാംസം അദ്ദേഹത്തിനൊട്ടും ഇഷ്ടമുള്ള ഒന്നല്ല. അങ്ങനെയിരിക്കെ, മദീനയിൽ തുന്നൽ ജോലി ചെയ്യുന്ന സുമാമ നബിയെ വിരുന്നിന് ക്ഷണിച്ചു. കൂടെ അനസുമുണ്ട്. പാത്രത്തിൽ അവിടുത്തെ കരം ദുബാഇന്റെ മാംസം പരതി നടക്കുന്നത് അനസ് കണ്ടു. അദ്ദേഹം പറയട്ടെ: 'അന്നു മുതൽ ദുബാഅ് എനിക്കിഷ്ടപ്പെട്ട ഭക്ഷണമായി' (മുസ്‌ലിം). നബിയുടെ ഇഷ്ടത്തിനൊത്ത് ഭക്ഷണ ശീലം പോലും മാറുന്ന ഈ സ്നേഹത്തെ എങ്ങനെ നിർവചിക്കാനാണ്!

മുസ്അബുബ്നു ഉമൈർ, മദീനാവാസികൾക്ക് ഇസ്‌ലാം പഠിപ്പിക്കാൻ പ്രവാചകൻ നിയോഗിച്ച പ്രമുഖ സ്വഹാബി. മദീനയുടെ വർത്തമാനങ്ങൾ നബിക്ക് കൈമാറാനായി ഒരു വർഷത്തിനു ശേഷം അദ്ദേഹം മക്കയിലെത്തി. വിവരമറിഞ്ഞ മാതാവ് മുസ്അബിന്റെ അടുത്തേക്ക് തന്റെ ദൂതുമായി ഒരാളെ പറഞ്ഞയച്ചു: 'ഏ ദ്രോഹി; ഞാനിരിക്കുന്ന നാട്ടിൽ വന്നിട്ട്, ആദ്യം എന്നെ വന്ന് കാണാതിരിക്കുകയോ?' ഉടനെ വന്നു മുസ്അബിന്റെ മറുപടി: 'അല്ലാഹുവിന്റെ ദൂതനെ സന്ധിക്കും മുമ്പ് ഞാൻ ഒരാളെയും കാണുകയില്ല.' മാതാവിനോടുള്ള സ്നേഹാദരവുകൾക്കു പോലും പ്രവാചക സ്നേഹത്തിനു മുമ്പിൽ നിലനിൽപ്പില്ല. മുസ്അബ് ബദ്റിലെ ബന്ദികളെ പാർപ്പിച്ച ഇടത്തിലൂടെ നടക്കുമ്പോഴാണ് വിലങ്ങണിഞ്ഞ കൈകളുമായി തടവുകാരനായ സ്വന്തം സഹോദരൻ മുന്നിൽ വന്നു പെട്ടത്. 'മുറുക്കി ബന്ധിച്ചോളൂ, അവന്റെ മാതാവ് നല്ല സമ്പന്നയാണ്' മുസ്അബ് വിളിച്ചു പറഞ്ഞു. 'സ്വന്തം സഹോദരനു വേണ്ടിയുള്ള നിന്റെ ഉപദേശം ഇതാണോ?' സഹോദരൻ അബൂ അസീസുബ്നു ഉമൈർ ചോദിച്ചു. മുസ്അബ് പറഞ്ഞു: 'അദ്ദേഹമാണ് (അൻസ്വാരി), നീയല്ല എന്റെ സഹോദരൻ.' തിരുമേനിയെ സ്നേഹിക്കാത്ത, അവിടുത്തോട് യുദ്ധം ചെയ്യുന്ന സഹോദരനെന്ത് സഹോദരൻ!

ഇങ്ങനെയൊക്കെ നബിയെ സ്നേഹിക്കാൻ നമുക്കൊരു കാരണമുണ്ട്. ആഇശ(റ)യിൽ നിന്ന്; ഒരാൾ നബിയുടെ അടുത്ത് വന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവാണ, എന്നേക്കാളും എന്റെ കുടുംബത്തേക്കാളും എന്റെ മകനേക്കാളും താങ്കളാണ് എനിക്ക് പ്രിയപ്പെട്ടവൻ. വീട്ടിലായിരിക്കെ ഞാനങ്ങയെ ഓർക്കും. നിക്കപ്പൊറുതിയില്ലാതെ അങ്ങയെ കാണാനായി ഞാൻ ഓടി വരും. എന്നാൽ എന്റെയും അങ്ങയുടെയും മരണത്തെപ്പറ്റി ഓർക്കുമ്പോഴാണ് സങ്കടം. അവിടുന്ന് സ്വർഗത്തിൽ പ്രവാചകരോടൊപ്പം ഉന്നതങ്ങളിലാവും. സ്വർഗത്തിലെത്തിയാലും എനിക്കങ്ങയെ കാണാനാവില്ലല്ലോ.' ജിബ്‌രീൽ താഴെ സൂക്തവുമായി വന്നിറങ്ങും വരെ നബി (സ) അതിനു മറുപടി പറഞ്ഞില്ല; ''അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവർ അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ, സത്യവാന്മാർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവരോടൊപ്പമായിരിക്കും. അവരെത്ര നല്ല കൂട്ടുകാർ'' (*അന്നിസാഅ്*: 69) (അത്ത്വബറാനി). അതാണ് കാര്യം. നമുക്ക് അവരോടൊപ്പം സ്വർഗത്തിലെത്തണം. തിരുനബിയെ കണ്ട് കണ്ടങ്ങനെ ജീവിക്കണം. അവിടെ ഇടം കിട്ടുക സ്നേഹിക്കുന്നവരോടൊപ്പമാണ്. അതിനു തിരുനബിയെ ജീവിതത്തിന്റെ ദർപ്പണമായി മുന്നിൽ നിർത്തണം. ആ ഉത്തമ മാതൃകയിൽ ആപാദചൂഢം വിശ്വാസി സ്വയം വാർക്കണം. അഥവാ നടേ ചൊന്ന മാതൃകകളെ നെഞ്ചേറ്റി പ്രവാചക വ്യക്തിത്വത്തെ സ്വന്തം ആത്മാവിലേക്ക് ആവാഹിക്കണം. അതാണ് പ്രവാചക സ്നേഹം. പറുദീസ തേടുന്നവരുടെ രാജപാതയും. ●

+91 9747456118